# ECHO OF HIS CALL

MALAYALAM

വിളിയുടെ പ്രതിധ്വനി

*India's National Spiritual Newspaper*

₹ 10/-

REACHING NATIONS

Published monthly in ENGLISH, TAMIL, MALAYALAM, TELUGU, HINDI, KANNADA, MARATHI, BENGALI, GUJARATI, ODIYA, ASSAMESE, PUNJABI, NEPALI, URDU, SINHALA & AFRIKAN

Editor : S. SAM SELVA RAJ | 16 Languages | Associate Editor : Ev. BENJAMIN MOSES

Vol. XXIX | MAY 2023 | No. 7


## വിശുദ്ധ വേദപുസ്തകം

ദയവായി ഈ ഭാഗം മനഃപാഠമാക്കുക

**സങ്കീർത്തനങ്ങൾ 32:1–8**

01. ലംഘനം ക്ഷമിച്ചും പാപം മറെച്ചും കിട്ടിയവൻ ഭാഗ്യവാൻ.
02. യഹോവ അകൃത്യം കണക്കിടാതെയും ആത്മാവിൽ കപടം ഇല്ലാതെയും ഇരിക്കുന്നവൻ ഭാഗ്യവാൻ.
03. ഞാൻ മിണ്ടാതെയിരുന്നപ്പോൾ നിത്യമായ ഞരക്കത്താൽ എന്റെ അസ്ഥികൾ ക്ഷയിച്ചുപോയി.
04. രാവും പകലും നിന്റെ കൈ എന്റെമേൽ ഭാരമായിരുന്നു; എന്റെ മജ്ജ വേനൽക്കാലത്തിലെ ഉഷ്ണത്താൽ എന്നപോൽ വറ്റിപ്പോയി.
05. ഞാൻ എന്റെ പാപം നിന്നോടറിയിച്ചു; എന്റെ അകൃത്യം മറെച്ചതുമില്ല; എന്റെ ലംഘനങ്ങളെ യഹോവയോടു ഏറ്റുപറയും എന്നു ഞാൻ പറഞ്ഞു; അപ്പോൾ നീ എന്റെ പാപത്തിന്റെ കുറ്റം ക്ഷമിച്ചുതന്നു.
06. ഇതുനിമിത്തം ഓരോ ഭക്തനും കണ്ടെത്താകുന്ന കാലത്തു നിന്നോടു പ്രാർത്ഥിക്കും; പെരുവെള്ളം കവിഞ്ഞുവരുമ്പോൾ അതു അവന്റെ അടുക്കലോളം എത്തുകയില്ല.
07. നീ എനിക്കു മറവിടമാകുന്നു; നീ എന്നെ കഷ്ടത്തിൽനിന്നു സൂക്ഷിക്കും; രക്ഷയുടെ ഉല്ലാസഘോഷംകൊണ്ടു നീ എന്നെ ചുറ്റിക്കൊള്ളും.
08. ഞാൻ നിന്നെ ഉപദേശിച്ചു, നടക്കേണ്ടുന്ന വഴി നിനക്കു കാണിച്ചുതരും; ഞാൻ നിന്റെമേൽ ദൃഷ്ടിവെച്ചു നിനക്കു ആലോചന പറഞ്ഞുതരും.

# നേരം പുലരുമ്പോൾ

## AT THE BREAK OF DAWN

**സിസ്റ്റർ. ഏഞ്ചലിൻ സെൽവകുമാരി**



നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ നാമത്തിൽ ആശംസകൾ അർപ്പിക്കുന്നു. വിളിയുടെ പ്രതിധ്വനി മാസികയിലൂടെ നിങ്ങളുമായി ബന്ധപ്പെടുവാൻ അവസരം ലഭിച്ചതിൽ സന്തോഷിക്കുന്നു. ഇതുവരെയും നമ്മെ നയിച്ച ദൈവത്തിന്റെ വിശ്വസ്തത മഹത്തരമാണ്. നമ്മെ തുടർന്നും ദൈവം നടത്തി പരിപാലിക്കും.

**ദൈവം അതിന്റെ മദ്ധ്യേ ഉണ്ടു; അതു കുലുങ്ങിപ്പോകയില്ല; ദൈവം അതികാലത്തു തന്നേ അതിനെ സഹായിക്കും** (സങ്കീർത്തനങ്ങൾ 46:5).

ഇത് മനോഹരമായ ഒരു വാഗ്ദത്തമാണ്. എന്നിരുന്നാലും ഈ വാഗ്ദത്തം നൽകിയ സാഹചര്യം ശ്രദ്ധേയമാണ്. സങ്കീർത്തനങ്ങൾ 45:2 നമുക്കു നോക്കാം. ഇങ്ങനെ പറയുന്നു:

1. ഭൂമി മാറിപ്പോയി
2. പർവ്വതങ്ങൾ സമുദ്രമദ്ധ്യേ വീണു.
3. വെള്ളം ഇരച്ചു കലങ്ങി
4. പർവ്വതങ്ങൾ കുലുങ്ങി.

*3–ാം പേജിൽ തുടരും...*




## വിളിയുടെ പ്രതിധ്വനി

*യു ട്യൂബ് ക്രിസ്തീയ ചാനൽ!*

**പാസ്റ്റർ സാം സെൽവരാജുമൊത്ത് പ്രാർത്ഥിക്കാൻ അവസരം!**

**5 മിനിട്ട് ദൈർഘ്യമുള്ള സന്ദേശം, പ്രാർത്ഥന!!**

**ഇംഗ്ലീഷ്, ഹിന്ദി, തമിഴ്, തെലുങ്ക്**

**എല്ലാ ദിവസവും 5.00 am**
**തമിഴ് ഞായർ ആരാധന– 8.30 am**

# ECHO OF HIS CALL - (1969-2019 GOLDEN JUBILEE YEAR)

*from your dearly beloved brother...*

REACHING NATIONS





**ഞങ്ങളുടെ നിയോഗം**

പ്രാചീന അപ്പൊസ്തലരുടെ ഉപദേശങ്ങൾ ആനുകാലിക തലമുറയ്ക്കു മായമില്ലാതെ വ്യാഖ്യാനം ചെയ്ത് പഠിപ്പിക്കുക എന്നതാണ് ഞങ്ങളുടെ ധർമ്മം. അതാണ് ഈ നിമിഷത്തിന്റെ ആവശ്യവും.

CHIEF EDITOR
Angeline Selvakumari Henry, M.A., M.Ed.
MANAGING EDITOR
Pastor Alex Samson Sam, B.Th., M.Div.
ADMINISTRATION
Bro. N. Prakasam, M.A., General Manager
EDITORIAL BOARD
Sis. Jesy Veena Sam
Sis. Serena Bevin, M.A., M.Phil., B.Ed.
Dr. A. Richard Samuel, M.A., Ph.D.
Rev. Dr. K.R. Rajasekaran
EDITOR, PUBLISHER & PRINTER
Pastor S. SAM SELVA RAJ
Echo of His Call Printers
10, Mohammed Abdullah 2nd Street,
Chepauk, Chennai- 600 005, India.
Phone : (+ 91- 44) 2852 8282, 2852 9293, 2854 7766
Cell : (+91) 98410 71852, 95661 31858
CORE LEADERS
Bro. K. Puratchivendan
Dr. Rabinder Boaz, M.S.
Bro. A. Edward Durai
Bro. A. Alvin
Bro. K. Abraham
Sis. Dhanalakshmi Chinnaiah
E.mail ID
sam@echoofhiscall.org
biblecor@yahoo.co.in
WEBSITES
www.echoofhiscall.org
www.stpaulsmatriculation.com
YOUTUBE CHANNEL
Echo of His Call

## "യഹോവയിൽ ആശ്രയിക്കുന്നവനെയോ ദയ ചുറ്റിക്കൊള്ളും" സങ്കീർത്തനങ്ങൾ 32:10

കർത്താവിൽ പ്രീയ സഹോദരീ സഹോദരന്മാരേ,

നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ മാധുര്യമേറിയ നാമത്തിൽ നിങ്ങൾക്ക് ആശംസകൾ നേരുന്നു.

നമ്മുടെ ശുശ്രൂഷയുടെ എല്ലാ മേഖലകളിലും കർത്താവായ യേശുക്രിസ്തു നല്ലവനായിരുന്നു ഞങ്ങളെ വഴിനടത്തി. വേനലവധി പ്രമാണിച്ച് എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും മെയ് മാസത്തോടെ അവധിയിലായിരിക്കും. അതിനാൽ പ്രാദേശിക സഭകളോടൊത്തുചേർന്ന് ദൈവരാജ്യ വിസ്തൃതിക്കായി നമുക്ക് ഒരുമിച്ച് ഈ അവധിക്കാലത്ത് പ്രവർത്തിക്കാം.

ലോകത്തിൽ നോക്കുമ്പോൾ ആൺകുട്ടികളും പെൺകുട്ടികളും സഭയുടെ പ്രവർത്തനങ്ങളിലും ആരാധനകളിലും ശുശ്രൂഷാപ്രവർത്തനങ്ങളിലുമൊന്നും താല്പര്യമില്ലാതെ ദൈവത്തിൽനിന്നും അകന്നുപോയിക്കൊണ്ടിരിക്കുകയാണ്. ഇത് ലോകം മുഴുവനും സംഭവിച്ചുകൊണ്ടിരിക്കുന്ന കാര്യമാണ്. രക്ഷിതാക്കൾക്കും സഭയുടെ ഭരണകർത്താക്കൾക്കും ഈ കാര്യത്തിൽ പ്രത്യേകിച്ച് ഒന്നും ചെയ്യാൻ കഴിയാത്ത അവസ്ഥയിലാണ്.

ഈ അവസരം ചൂഷണം ചെയ്തുകൊണ്ട് ലൗകീകരും രാഷ്ട്രീയക്കാരും അനാരോഗ്യകരമായ കാര്യങ്ങൾ പ്രചരിപ്പിക്കുന്ന ദൈവദാസന്മാരും ഈ യുവാക്കളെ കൈയ്യിലെടുത്ത് ഈ ലോകത്തിന്റെ തെറ്റായ കാര്യങ്ങൾ പഠിപ്പിക്കുകയും അതിനായി അവരെ സജ്ജരാക്കുകയും ചെയ്യുന്നു. ആരാധനാലയങ്ങളിൽ ഇപ്പോൾ യുവാക്കളുടെ ഹാജർ കുറഞ്ഞുവരികയാണ്. ഇത് വേദനാജനകമാണ്. മുതിർന്ന കുടുംബാംഗങ്ങൾ ഇവരെ ദൈവത്തിന്റെ ദിവ്യതണലിൽ നിർത്തുവാനായി ശ്രമിക്കുന്നുവെങ്കിലും ദൈവത്തിന്റെ വഴികൾ അവഗണിച്ചുകൊണ്ട് സ്വന്തം ആഗ്രഹങ്ങൾക്കു പിന്നാലെ പോകുന്നു.

അതിനാൽ ലോകം മുഴുവനുമുള്ള എല്ലാ യുവതീയുവാക്കളുടെയുമിടയിൽ ഒരു ആത്മീയ ഉണർവ്വുണ്ടാകുവാൻ ക്രിസ്തീയ മാതാപിതാക്കളും ആത്മീയ പ്രവർത്തകരും ദൈവത്തോടു മുട്ടിപ്പായി പ്രാർത്ഥിക്കുവാനും പ്രവർത്തിക്കുവാനുമുള്ള സമയം അതിക്രമിച്ചിരിക്കുന്നു. സമാന രീതിയിൽ ചിന്തിക്കുന്ന ഒരു സമൂഹത്തെ ഞങ്ങൾ സജ്ജമാക്കി പ്രവർത്തനം ആരംഭിച്ചിരിക്കുന്നു. കുട്ടികളുടെയും യുവതീയുവാക്കളുടെയും പേരുകൾ നിങ്ങൾ ഞങ്ങൾക്ക് അയച്ചുതന്നാൽ ഞങ്ങൾ അവരെ ദൈവസന്നിധിയിൽ കൊണ്ടുവരുന്നതാണ്. ഈ പ്രവർത്തനത്തിന് നിങ്ങളുടെ സാമ്പത്തിക സഹായം ആവശ്യമില്ല. **യുവാക്കളുടെയും കുട്ടികളുടെയും ശ്രദ്ധക്കായുള്ള ആഗോള ദർശനത്തിനായി** ഞങ്ങളോടു ചേർന്ന് നിങ്ങളും പ്രാർത്ഥിപ്പിൻ. ഈ കാര്യത്തിനായുള്ള നിങ്ങളുടെ അഭിപ്രായങ്ങൾക്കായി ഞങ്ങൾ കാത്തിരിക്കുന്നു.

തുടക്കത്തിൽ ലോകം മുഴുവനുമുള്ള യുവാക്കൾക്കും കുട്ടികൾക്കും വേണ്ടി രാത്രികൃത്യം പത്തു മണിക്ക് എല്ലാവരും പ്രാർത്ഥിക്കാൻ അപേക്ഷിക്കുന്നു. ഏതു രാജ്യത്തിലായാലും അവിടത്തെ രാത്രി പത്തു മണിക്ക് എല്ലാവരും പ്രാർത്ഥിപ്പിൻ.

ഒരു കാര്യത്തിനായി എല്ലാവരും ഒത്തൊരുമിച്ച് ഒരേ സമയം പ്രാർത്ഥിച്ചാൽ കർത്താവ് നിശ്ചയമായും പ്രാർത്ഥന കേൾക്കും. നല്ല സാക്ഷ്യങ്ങൾ ലഭിക്കുകയാണെങ്കിൽ ഞങ്ങളെ അറിയിക്കുവിൻ. ഞങ്ങൾ അത് പ്രസിദ്ധീകരിക്കാൻ ശ്രമിക്കുന്നതാണ്.

ഞങ്ങൾ നിങ്ങൾക്കായി പ്രാർത്ഥിക്കുന്നു. കർത്താവിന്റെ മഹത്വമേറിയ സുവിശേഷം ഏതുവിധേനയും ലോകം മുഴുവനും അറിയിക്കുവാൻ ഞങ്ങൾ കഠിനമായി പ്രവർത്തിക്കുന്നു. പ്രാർത്ഥനയിൽ ഞങ്ങളോടൊപ്പം കൈകോർക്കുവിൻ. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

ക്രിസ്തുയേശുവിൽ നിങ്ങളുടെ ശുശ്രൂഷകർ

പാസ്റ്റർ സാം സെൽവരാജ്, അലക്സ് സാംസൺ സാം
(+91) 98412 71858 / 98410 71858 E.mail : samselvaraj333@gmail.com

Our Ministries: ECHO OF HIS CALL Monthly Magazines (16 languages) BIBLECOR - Postal Courses (3 languages) Media Ministry Online Courses Theological Correspondence Courses (2 languages) Church Planting Nehemiah Bible Colleges Gospel Printing Press Great Commission Partners St. Paul's Matriculation School Crusades Community Development

... 1-ാം പേജിന്റെ തുടർച്ച

അങ്ങനെ, എല്ലാം ചലിക്കുകയും, കുലുങ്ങുകയും, അസ്വസ്ഥമാകുകയും ചെയ്തപ്പോൾ ദൈവം അതിന്റെ മദ്ധേ ഉണ്ട് എന്ന് വേദപുസ്തകം പഠിപ്പിക്കുന്നു. നമ്മുടെ ചുറ്റുമുള്ള എല്ലാം ചലിക്കുമ്പോഴും നാം ചലിക്കുകയില്ല. എല്ലാ ചലനങ്ങളുടെയും കുലുക്കങ്ങളുടെയും കൊടുങ്കാറ്റിന്റെയും മദ്ധ്യേയാണ് ദൈവം. പ്രഭാതം പൊട്ടിവിടരുമ്പോൾ അവൻ നമ്മെ സഹായിക്കും. കാരണം ദൈവം നല്ലവനാണ്. അവൻ ചെയ്യുന്നതൊക്കെയും നല്ലതിനാണ്. അവൻ അസാദ്ധ്യതകളെ സാദ്ധ്യമാക്കുന്ന ദൈവമാണ്.

നിങ്ങൾ മല്ലിടുന്നതും പോരാടുന്നതുമായ എല്ലാ കാര്യങ്ങളും, ഇതുവരെ ഉത്തരം ലഭിക്കാത്ത എല്ലാ പ്രാർത്ഥനകളും, നിങ്ങളെ അടിമത്തത്തിലാക്കിയ എല്ലാ കാര്യങ്ങളും നിങ്ങളെ നിയന്ത്രിച്ചു നിർത്തിയിരുന്ന എല്ലാ സാഹചര്യങ്ങളും യേശുവിന്റെ നാമത്തിൽ തകർക്കപ്പെടും. കാരണം, അവൻ പ്രഭാതത്തിന്റെ ദൈവമാണ്.

## *1. പ്രഭാതം പൊട്ടിപ്പുറപ്പെടുന്നതിന്റെ പ്രാധാന്യം എന്താണ്?*

### (എ) പ്രഭാതം പൊട്ടിപ്പുറപ്പെടുന്നത് ഒരു പുതിയ കാലത്തിന്റെ തുടക്കമാണ്!

യഹൂദ കലണ്ടർ അനുസരിച്ച് 9 മുതൽ 10 വരെ അന്ധകാരം കൊണ്ടു മൂടുന്നു, അതിനുശേഷം പ്രഭാതം വരുന്നു. അത് ഏകദേശം പന്ത്രണ്ടു മണിക്കും മൂന്നു മണിക്കും ഇടയ്ക്കാണ് സംഭവിക്കുന്നത്. അത് ഇരുളിനെ തകർത്ത് വെളിച്ചം ഉണ്ടാകുന്നു. അത് പുതിയ ഒരു പ്രഭാതവും പുതിയ കാലത്തിന്റെ ആരംഭവും ആകുന്നു. കൊടുങ്കാറ്റിന്റെയും ഭൂകമ്പത്തിന്റെയും പ്രക്ഷുബ്ദതയുടെയും കാലത്തിലൂടെ നാം കടന്നുപോകുന്നത് എന്തുകൊണ്ട്?

### (ബി) പ്രഭാതം പൊട്ടിപ്പുറപ്പെടുന്നത് ഒരു പരിവർത്തനത്തിന്റെ കാലമാണ്!

രാവും പകലും തമ്മിലുള്ള പരിവർത്തനത്തിന്റെ കാലമാണ് പ്രഭാതം. അത് ഒരു കാലത്തിനും കാലഘട്ടത്തിനും ഇടയിലുള്ള പ്രയാണമാണ്. ഈ കാലത്തിന്റെ മാറ്റം തന്നെ അനശ്ചിതത്തിന്റെ കാലഘട്ടമായതിനാൽ അടുത്ത നടപടി എപ്പോൾ എടുക്കണമെന്നതിന് ഒരു ഉറപ്പും ഇല്ല. ഈ വഴിക്കോ മറ്റെ വഴിക്കോ ഒരാൾ പോകേണ്ടത്? അത് അരാജകത്തിന്റെയും ആശയക്കുഴപ്പത്തിന്റെയും കാലമാണ്. ഒരാൾ തീരുമാനമെടുക്കാൻ പാടുപെടുകയാണ്. ഇത് ഭയത്തിന്റെ കാലഘട്ടത്തിന്റെ പ്രതീകമാണ്-എന്താണ് സംഭവിക്കുന്നതെന്നും എന്താണ് സംഭവിക്കാൻ പോകുന്നതെന്നുമുള്ള ഭയം. ഈ പരിവർത്തന കാലഘട്ടം ആരാജകത്വത്തിന്റെയും ആശയക്കുഴപ്പത്തിന്റെയും ഏറ്റുമുട്ടലിന്റെയും അനശ്ചിത്വത്തിന്റെയും കാലഘട്ടമായി നിങ്ങൾ കാണണമെന്ന് ലോകവും പിശാചും ആഗ്രഹിക്കുന്നു എന്നു നിങ്ങൾക്ക് അറിയാമോ? ഇത് വേർപാടിന്റെ കാലഘട്ടമായി കാണണമെന്ന് ദൈവം ആഗ്രഹിക്കുന്നു. പൊട്ടിച്ചെറിയുക എന്ന വാക്ക് ശ്രദ്ധിക്കുവിൻ-അത് അത്ഭുതാവഹമായതാണ്. ദൈവം ഈ കാലഘട്ടത്തെ വഴിത്തിരിവിന്റെ കാലമായി കാണുന്നു.

സഭയും കുടുംബവും വ്യക്തികളുമെന്ന നിലയിൽ നാം അടുത്ത ഘട്ടത്തിലേക്ക് നീങ്ങുമ്പോൾ അത് വളർച്ചയുടെയും പക്വതയുടെയും പുതിയ കാലമായി കാണുവാൻ സാധിക്കും. അന്ധകാരത്തെ പൊട്ടിച്ചെറിഞ്ഞു കൊണ്ടാണ് പ്രഭാതത്തിന്റെ മുന്നേറൽ.

### (സി) പ്രഭാതം പൊട്ടിപ്പുറപ്പെടുന്നത് ആത്മീയ യുദ്ധത്തിന്റെ കാലത്തിലേക്കാണ്!

പ്രതിബന്ധങ്ങളെ തകർത്തു മുന്നേറുക എന്നാൽ അത് അത്ര എളുപ്പമല്ല. അത് തകർക്കുകയും പുറത്തു വരികയും വേണം. അത് ഒരു യുദ്ധവും പോരാട്ടവുമാണ്. നിങ്ങൾ ഇരുട്ടിനെ തകർക്കുകയാണ്. വെളിച്ചം കൊണ്ടു വരിക എന്നത് അത്ര എളുപ്പമുള്ള കാര്യമല്ല, വളരെ ആയാസമുള്ളതാണ് പ്രതിബന്ധങ്ങളെ

# യുവജനങ്ങൾക്കും കുട്ടികൾക്കും വേണ്ടിയുള്ള ആഗോള ദർശനം

## GLOBAL VISION FOR YOUTH & KID CARE

**യുവതലമുറയുടെ ക്ഷേമത്തിനും, ഈ തലമുറയിലെ കുട്ടികൾക്കും യുവജനങ്ങൾക്കും വേണ്ടി പ്രാർത്ഥിക്കുവാനും പഠിപ്പിക്കുവാനും, ദൈവരാജ്യത്തിനായി അവരെ സജ്ജരാക്കുന്നതിനും, അവർക്കു പ്രത്യേക ശ്രദ്ധ നൽകുന്നതിനുമായി ദൈവം ഞങ്ങൾക്ക് ഒരു പ്രത്യേക ഭാരം നൽകി.**

**ആഗോള തലത്തിൽ തന്നെ ഒരേ രീതിയിൽ ചിന്തിക്കുന്ന ഒരു ടീമിനെ ഞങ്ങൾ സജ്ജരാക്കിയിട്ടുണ്ട്. ദിവസവും രാത്രി 10.00 മണിക്ക് ഇവർ ദൈവത്തോട് പ്രാർത്ഥിക്കുന്നതാണ്. നിങ്ങളുടെ രാജ്യത്തെ പ്രത്യേക സമയപ്രകാരം രാത്രി 10.00 മണിക്ക് ഞങ്ങളോടൊപ്പം പ്രാർത്ഥയിൽ ചേരുവാൻ താല്പര്യപ്പെടുന്നു. താല്പര്യമെങ്കിൽ നിങ്ങളുടെ സന്നദ്ധതയെക്കുറിച്ച് ഞങ്ങളെ അറിയിക്കുവാൻ അറിയിക്കുന്നു. ഞങ്ങൾ നിങ്ങൾക്ക് മറുപടി നൽകുന്നതാണ്.**



**കൂടാതെ നിങ്ങളുടെ മക്കളുടെയും ചെറുമക്കളുടെയും ആത്മീയഭാവിയെക്കുറിച്ച് നിങ്ങൾക്ക് ഭാരമുണ്ടെങ്കിൽ അവരുടെ പേരും വയസ്സും, എന്തെങ്കിലും പ്രാർത്ഥനാവിഷയമുണ്ടെങ്കിൽ അതും ഞങ്ങളെ അറിയിക്കുവിൻ. നിങ്ങളും 35 വയസ്സിനു താഴെയുള്ള ആളാണെങ്കിൽ നിങ്ങളും പങ്കുചേരുവിൻ. ദയവായി ഇതിന് പണം അയക്കരുത്. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.**

Our contact details:

**GLOBAL VISION FOR YOUTH & KID CARE**

**Echo of His Call**

Mobile & WhatsApp No : +91- 98412 71858 &
+91- 98410 71858

E.mail ID : sam@echoofhiscall.org

തകർത്തു മുന്നേറുവാൻ ദൈവം നമ്മെ വിളിക്കുകയാണ്. നമ്മുടെ കുട്ടികൾക്കും, കുടുംബത്തിനും, സഭയ്ക്കും, നഗരത്തിനും, രാജ്യത്തിനും, ലോകത്തിനും വേണ്ടി വഴിത്തിരിവുകൾ കൊണ്ടുവരുവാൻ അവൻ നമ്മെ നിയോഗിച്ചിരിക്കുന്നു. ആമേൻ!!! ഇത് ഒരു ആത്മീയമായ മുന്നേറ്റത്തിന്റെ കാലമാണ്!!!

ഇരുണ്ടതും അസാദ്ധ്യവുമായ കാര്യങ്ങൾ കാണുമ്പോൾ നാം മനസ്സിലാക്കേണ്ടത് അത് ഒരു അവസാനമല്ല, മറിച്ച് മുന്നേറ്റത്തിന്റെ ലക്ഷണമാണ്. ശാരീരികവും മാനസികവും ആത്മീയവും വൈകാരികവുമായ അവസ്ഥയിൽ ഏലിയാവ് ഇരിക്കുകയായിരുന്നു. അവനെ സംബന്ധിച്ചിടത്തോളം ജീവിക്കുക എന്നത് അസാദ്ധ്യമായ കാര്യമായിരുന്നു. അത് അവന്റെ ജീവിതത്തിന്റെ ഏറ്റവും ഇരുണ്ട അവസ്ഥയായിരുന്നു. ബാലിന്റെ പുരോഹിതന്മാർക്കെതിരായ ഒറ്റയാൾ പട്ടാളമായുള്ള പുനരുജ്ജീവന ശുശ്രൂഷയ്ക്കു തൊട്ടുപിന്നാലെ ഏലിയാവ് കേട്ടത് അവൻ കൊല്ലപ്പെടുവാൻ പോകുന്നു എന്നാണ്. അവന്റെ ജീവനെക്കുറിച്ച് ഭാരപ്പെട്ടിരുന്നതിനാൽ നേരായി ചിന്തിക്കുവാൻ അവന് കഴിഞ്ഞില്ല. **ഇപ്പോൾ മതി, യഹോവേ, എന്റെ പ്രാണനെ എടുത്തുകൊള്ളേണമേ; ഞാൻ എന്റെ പിതാക്കന്മാരെക്കാൾ നല്ലവനല്ലല്ലോ എന്നു പറഞ്ഞു** (1രാജാക്കന്മാർ 19:4).

എല്ലാം അവസാനിച്ചതായും എല്ലായിടത്തും അന്ധകാരം വ്യാപിച്ചതായും അയാൾക്കു തോന്നി, പക്ഷെ താൻ പരിവർത്തനത്തിന്റെ കാലഘട്ടത്തിലാണെന്നു മനസ്സിലായില്ല. അദ്ദേഹം കണ്ടത് ഇരുട്ടിനെയാണ്, പക്ഷെ പ്രഭാതത്തെയല്ല. അന്ധകാരത്തെ തകർക്കാൻ ദൈവം അദ്ദേഹത്തെ നിയോഗിച്ചു. ഈ വർഷം നമ്മിൽ ചിലരെ പരിവർത്തനത്തിലേക്ക് ദൈവം നയിക്കുകയാണ്, അങ്ങനെ നമുക്ക് ഇരുളിനെ തകർത്ത് പ്രഭാതം പൊട്ടിപ്പുറപ്പെടുന്നതു നമുക്കു കാണാം.

**തകർക്കുന്നവൻ അവർക്കു മുമ്പായി പുറപ്പെടുന്നു...** (മീഖാ 2:13). അവൻ നമുക്കു മുമ്പായി പോയി അന്ധകാരത്തെ തകർത്ത് വെളിച്ചത്തിലേക്കു നയിക്കും. **...അവർ തകർത്തു ഗോപുരത്തിൽകൂടി കടക്കയും പുറപ്പെടുകയും ചെയ്യും** (മീഖാ 2:13).

നിങ്ങളെ പിടിച്ചു നിർത്തിയതും, അന്ധകാരത്തിൽ ആക്കിയതും, തകർത്തു കളഞ്ഞതും, പരിമിതപ്പെടുത്തിയതുമെല്ലാത്തിൽ നിന്നും യേശുവിന്റെ നാമത്തിൽ നിങ്ങൾ പുറത്തുവരും, കാരണം അവൻ നിങ്ങളുടെ മുമ്പിൽ നടക്കുന്നു എന്നതുതന്നെ. **വാതിലുകളേ നിങ്ങളുടെ തലകളെ ഉയർത്തുവിൻ; പണ്ടേയുള്ള കതകുകളേ, ഉയർന്നിരിപ്പിൻ, മഹത്വത്തിന്റെ രാജാവു പ്രവേശിക്കട്ടെ. മഹത്വത്തിന്റെ രാജാവു ആർ? ബലവാനും വീരനുമായ യഹോവ, യുദ്ധവീരനായ യഹോവ തന്നേ** (സങ്കീർത്തനങ്ങൾ 24:7-9). പ്രസിദ്ധമായ ഗാനം ഇങ്ങനെയാണ്:

*മുമ്പെ പോകുന്നവനെ ഞാനറിയുന്നു*
*പിന്നിൽ നടക്കുന്നവനെ ഞാനറിയുന്നു*
*മാലാഖമാരുടെ സൈന്യങ്ങളുടെ ദൈവം*
*എന്നരികിലുണ്ട്...*
*എനിക്കെതിരെയൊന്നും നിൽക്കുകയില്ല*
*ഞാൻ ഭയപ്പെടുകയില്ല, ദൈവം എന്നോടു*
*കൂടെയുണ്ട്.*

നേരത്തെ സൂചിപ്പിച്ചതുപോലെ പൊട്ടിച്ചെറിയുക എന്നാൽ ഇരുളിനെ ഭേദിച്ച് വെളിച്ചം വരിക എന്നാണ്. ഈ വർഷം ദൈവം നമുക്ക് ഇരുട്ടിൽനിന്നും വെളിച്ചത്തിലേക്ക് ഒരു വഴിത്തിരിവു നൽകും, അങ്ങനെ നാം വിജയത്തോടെ വെളിച്ചത്തിലേക്ക് കടക്കാം.

### 2. എന്തിൽ നിന്നുള്ള മുന്നേറ്റം?

ഇരുട്ട് എന്തിന്റെ പ്രതീകമാണ്?

**(എ) ദുഷ്ട ആധിപത്യം:**

ഇരുട്ട് പൈശാചികമായതാണ്. അന്ധകാരത്തിന്റെ രാജകുമാരനായ സാത്താന്റെ പ്രതീകമാണ്. ഇരുട്ട് ഒരു ആധിപത്യമാണ്. **ഇരുളിന്റെ ശക്തിയിൽനിന്നും ദൈവം നമ്മളെ സ്വതന്ത്രരാക്കി, തന്റെ പ്രിയപ്പെട്ട പുത്രന്റെ സാമ്രാജ്യത്തിലേക്ക് നമ്മെ കൊണ്ടുവന്നു** (കൊലൊസ്യർ 1:13 NIV). ആധിപത്യം എന്നത് ആധിപത്യം സ്ഥാപിക്കുക എന്നതാണ്. അവസാന വാക്കു പറയുവാൻ ആരോ ഉണ്ടെന്നാണ് എല്ലാവരും കരുതുന്നത്. അതിനെക്കുറിച്ച് ഒന്നും പറയാനില്ല. പ്രഭാതം പൊട്ടിവിടരുമ്പോൾ ഇരുട്ടിന്റെ ആധിപത്യം തകരുന്നു.

പാപകരമായതും, ആധിപത്യം സ്ഥാപിക്കുന്നതും, അടിച്ചമർത്തുന്നതും, നമ്മെ നിയന്ത്രിക്കുന്നതും എല്ലാം അന്ധകാരത്തിന്റെ പ്രവർത്തനങ്ങളാണെന്ന് കണക്കാക്കാം. നിങ്ങളിൽ പിടി മുറുക്കിയിരിക്കുന്നതും പുറത്തുവരുവാൻ ആഗ്രഹിക്കുന്നതുമായ ഏതെങ്കിലും ശീലവുമായി നിങ്ങൾ ഭാരപ്പെടുകയാകാം. പക്വതയുള്ള പല ക്രിസ്ത്യാനികളും പാപത്തിന്റെ പിടിയിൽ പോരാടുകയാണെന്ന് നിങ്ങൾക്ക് അറിയാമോ? സാങ്കേതികവിദ്യയുടെ പുരോഗതിയിൽ ഇന്റർനെറ്റ് എല്ലാവരുടെയും വിരൽതുമ്പിലാണല്ലോ. ഇത് നമുക്ക് സങ്കല്പിക്കുവാൻ പോലും കഴിയാത്ത പാപങ്ങളുടെ വാതിലുകൾ തുറന്നിട്ടിരിക്കുകയാണ്. സാമൂഹിക മാദ്ധ്യമങ്ങളോടുള്ള ആസക്തി, ടിക് ടോക്, യുട്യൂബ് ട്രെയിലറുകൾ, അശ്ലീലത എന്നിവയിൽ പ്രായഭേദമെ

06-ാം പേജിൽ തുടരും...

नहेम्याह बाइबल कॉलेज
रेसिडेन्शल कॉलेज, चेन्नई।
माध्यमः हिन्दी
सदस्यता के लिए पंजीकृत उम्मीदवार - ATA
सुविख्यात अंतर्राष्ट्रीय मसीही अगुवे तथा पिछले 53 वर्षों से सेवारत वरिष्ठ पासवान
सर्टिफिकेट इन थियोलॉजी – 1 साल
डिप्लोमा ऑफ थियोलॉजी – 2 साल
योग्यता 10 वी या अधिक
जल्दी करें!
Contact : The Chairman, Nehemiah Bible College.
10, MOHAMMED ABDULLAH 2ND STREET, CHEPAUK, CHENNAI - 600 005, INDIA.
Phone : (+91-44) 2852 8282, Cell : (+91) 98410 71852 / 95661 31858
E.mail : sam@echoofhiscall.org / Website : www.echoofhiscall.org
✶ ऑनलाइन कक्षाएं उपलब्ध हैं ✶

GREAT COMMISSION PARTNERS
ECHO OF HIS CALL MINISTRIES SINCE 1969

# പരമനിയോഗ ദൗത്യ പങ്കാളികൾ

**പങ്കിടൽ** (ഗലാത്യർ 6:2), **സഹായം** (റോമർ 12:13), **കൂടുതൽ വേഗത** (2 തിമൊഥെയോസ് 1:6)



## പ്രാർത്ഥനാ വിഷയങ്ങൾ

(ഈ കടലാസ് നിങ്ങളുടെ വേദപുസ്തകത്തിൽ വച്ച് വിഷയങ്ങൾക്കായി പ്രാർത്ഥിക്കുവിൻ)

### സ്തോത്രത്തിനായുള്ള വിഷയങ്ങൾ

**മെയ് 19** ⇨ ഞങ്ങളുടെ അച്ചടിശാലയിൽ അച്ചടിച്ച 16 ഭാഷകളിലെ പ്രസിദ്ധീകരണങ്ങൾ മിഷൻ ഫീൽഡുകളിൽ എത്തിക്കുവാൻ സഹായിച്ചതിനായി.

**മെയ് 20** ⇨ ഞങ്ങളുടെ മിഷണറി യാത്രകളെ അനുഗ്രഹിച്ചതിനായി.

**മെയ് 21** ⇨ മുഖ്യസഭയിലെയും ശാഖാസഭകളിലെയും എല്ലാ അംഗങ്ങളെയും അനുഗ്രഹിച്ചതിനായി.

**മെയ് 22** ⇨ പാസ്റ്റർ എസ്. സാം സെൽവരാജിനെയും കുടുംബത്തെയും ദുഷ്ടശക്തികളിൽനിന്നും സംരക്ഷിച്ചുകൊണ്ടിരിക്കുന്നതിനായി.

**മെയ് 23** ⇨ ഞങ്ങളുടെ ബൈബിൾകോറനെയും (വേദപുസ്തക കറസ്പോണ്ടൻസ് കോഴ്സ്) തിയോളജിക്കൽ കറസ് പോണ്ടൻസ് കോഴ്സിനെയും അനുഗ്രഹിച്ചതിനായി.

**മെയ് 24** ⇨ സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിന് പുതിയ പ്രിൻസിപ്പാളിനെ നൽകിയതിനായി.

**മെയ് 25** ⇨ മുഖ്യസഭയിലെയും ശാഖാസഭകളിലെയും ഞായർ ആരാധനകൾ അനുഗ്രഹപ്രദമാക്കിയതിനായി.

**മെയ് 26** ⇨ നെഹെമ്യ ബൈബിൾ കോളേജിൽ പുതിയ അദ്ധ്യയനവിഭാഗം ആരംഭിക്കാൻ സഹായിച്ചതിനായി.

**മെയ് 27** ⇨ അരാജകത്വത്തിന്റെയും യുദ്ധഭീതികളുടെയും മദ്ധ്യേ ലോകത്തിൽ ദൈവീക സംരക്ഷണത്തിനായി.

**മെയ് 28** ⇨ ഞങ്ങളുടെ ജീവനക്കാരുടെ കുടുംബങ്ങളെ അനുഗ്രഹിച്ചുകൊണ്ടിരിക്കുന്നതിനായി.

**മെയ് 29** ⇨ രാഷ്ട്രീയവും മതപരവുമായ എതിർപ്പുകളുടെ മദ്ധ്യേ മിഷണറി പ്രവർത്തനം അഭിവൃദ്ധി പ്രാപിച്ചുകൊണ്ടിരിക്കുന്നതിനായി.

**മെയ് 30** ⇨ മിഷൻ പ്രവർത്തകരുടെ മഹത്തായ പ്രതിബദ്ധരക്കായി.

**മെയ് 31** ⇨ സമൂഹത്തിൽ എല്ലാ മേഖലയിലുമുള്ള സ്ത്രീകളുടെ അഭിവൃദ്ധിക്കായി.

**ജൂൺ 01** ⇨ റസിഡൻഷ്യൽ/സായാഹ്ന നെഹെമ്യ ബൈബിൾ കോളേജിൽ പുതിയ വിദ്യാർത്ഥികളെ നൽകിയതിനായി.

**ജൂൺ 02** ⇨ നമ്മുടെ സുവിശേഷ അച്ചടിശാല കഴിവുള്ള ജീവനക്കാരുമായി പ്രവർത്തിക്കുന്നതിനായി.

**ജൂൺ 03** ⇨ അഞ്ചു മിനിട്ട് യുട്യൂബ് സന്ദേശങ്ങൾക്കു വർദ്ധിച്ചുവരുന്ന വരിക്കാർക്കും സാക്ഷ്യങ്ങൾക്കുമായി.

### പ്രാർത്ഥനയ്ക്കായുള്ള വിഷയങ്ങൾ

**ജൂൺ 04** ⇨ നമ്മുടെ പ്രാർത്ഥനാ പങ്കാളികൾ, വിശ്വാസപങ്കാളികൾ, ആയുഷ്കാല പങ്കാളികൾ, മാസിക വരിക്കാർ, പരമനിയോഗ പങ്കാളികൾ തുടയങ്ങിയവർക്കായും അവരുടെ കുടുംബാഗങ്ങൾക്കായും.

**ജൂൺ 05** ⇨ ജീവനക്കാരുടെയും കുടുംബാംഗങ്ങളുടെയും നല്ല ആരോഗ്യത്തിനായി.

**ജൂൺ 06** ⇨ എല്ലാ രാജ്യങ്ങളുടെയും എല്ലാ മേഖലകളിലുമുള്ള പുരോഗതിയും ആസൂത്രണ മികവും ഉണ്ടാകുവാൻ.

**ജൂൺ 07** ⇨ എല്ലാ ക്രിസ്തീയ സംഘടനകളുടെയും അനുഗ്രഹത്തിനും സംരക്ഷണത്തിനുമായി.

**ജൂൺ 08** ⇨ സുവിശേഷം എത്തിച്ചേരാത്ത സ്ഥലങ്ങളിൽ എത്തിക്കുവാനുള്ള സഹായത്തിനായി.

**ജൂൺ 09** ⇨ ഭൂമിയിൽ ദൈവരാജ്യം കെട്ടിപ്പടുക്കുവാൻ കൂടുതൽ ദർശനങ്ങൾ ലഭിക്കുവാനായി.

**ജൂൺ 10** ⇨ വൈറൽ പനിയിൽനിന്നും മറ്റു പകർച്ച വ്യാധികളിൽനിന്നും സംരക്ഷണം ലഭിക്കുവാനായി.

**ജൂൺ 11** ⇨ ലോകത്തിലെ യുവജനങ്ങളും കുട്ടികളും യേശുക്രിസ്തുവിനെ സ്വന്തരക്ഷിതാവായി സ്വീകരിക്കുവാൻ.

**ജൂൺ 12** ⇨ പാസ്റ്റർ എസ്. സാം സെൽവരാജിനെയും കുടുംബത്തെയും ആരോഗ്യവും സംരക്ഷണവും ലഭിക്കുവാൻ.

**ജൂൺ 13** ⇨ സാദ്ധ്യമായ എല്ലാ വഴികളിലൂടെയും നടപടികളിലൂടെയും ദൈവീകശുശ്രൂഷ വിപുലമാക്കുവാൻ.

**ജൂൺ 14** ⇨ 2023-24 അദ്ധ്യയനവർഷത്തിൽ നെഹെമ്യ ബൈബിൾ കോളേജിലെ റസിഡൻഷ്യൽ/സായാഹ്ന കോഴ്സുകളിൽ അർഹരായ വിദ്യാർത്ഥികൾ ലഭിക്കുവാനായി.

**ജൂൺ 15** ⇨ ലോകത്തിലെ പ്രസിഡന്റുമാർ, പ്രധാന മന്ത്രിമാർ, സർക്കാർ അധികാരികൾ എന്നിവർക്കായി.

**ജൂൺ 16** ⇨ 2023-24 അദ്ധ്യയനവർഷത്തിൽ സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിലെ പുതിയ വിദ്യാർത്ഥികളുടെ പ്രവേശനത്തിനായി.

**ജൂൺ 17** ⇨ പ്രാർത്ഥനയിലൂടെയും സാമ്പത്തിക സഹായത്തിലൂടെയും നമ്മുടെ ശുശ്രൂഷകളെ ഉയർത്തിപ്പിടിക്കുന്ന എല്ലാവർക്കുമായി.

**ജൂൺ 18** ⇨ ഞങ്ങളുടെ എല്ലാ അസ്സോസിയേറ്റ് എഡിറ്റർമാർക്കും കുടുംബാംഗങ്ങൾക്കുമായി.

... 4-ാം പേജിന്റെ തുടർച്ച

ന്യേ സമയം ചെലവഴിക്കുക എന്നിവയൊക്കെയാണ്. കൈയ്യിലുള്ള ഉപകരണങ്ങളിലൂടെ കുട്ടികൾ പോലും അശ്ലീലമായവക്കു അടിമകളായിപ്പോകുകയാണ്.

എല്ലാ മേഖലയിലും ഇരുട്ടിന്റെ രാജകുമാരൻ നമ്മുടെ ജീവിതത്തിൽ പിടി മുറുക്കിയിരിക്കുകയാണ്. നമ്മുടെ സമാധാനം, കുടുംബ ബന്ധങ്ങൾ, ദൈവവുമായുള്ള ബന്ധം, നശിപ്പിക്കുകയും ഹൃദയത്തെയും മനസ്സിനെയും ആത്മാവിനെയും ദുഷിപ്പിക്കുകയും ചെയ്യുന്നു.

നമ്മുടെ ജീവിതം, കുടുംബം, ആലയം, ശുശ്രൂഷകൾ, ദൈവത്തോടൊപ്പമുള്ള നടത്തം എന്നിവയെ ഭരിക്കുന്ന എന്തിൽ നിന്നുമുള്ള വിടുതൽ ദൈവം നൽകുമാറാകട്ടെ.

## (ബി) അജ്ഞത:

**അവർക്കൊന്നും മനസ്സിലാകുന്നില്ല, കേൾക്കാൻ കൂട്ടാക്കാത്തതുകൊണ്ടാണിത് സംഭവിക്കുന്നത്. അതിനാൽ ദൈവം നൽകുന്ന ജീവിതത്തെ നേടാനവർക്കാവില്ല** (എഫെസ്യർ 4:18 NIV).

അജ്ഞത ദൈവരാജ്യത്തിൽ ഒരു പോരായ്മയാണ്. നാം അജ്ഞരായിരിക്കണമെന്ന് പിശാച് ആഗ്രഹിക്കുന്നു. അവൻ വഞ്ചകനാണ്. നമ്മുടെ അജ്ഞതയിൽ പിശാച് വളരുന്നു. **അവിശ്വാസികളുടെ മനസ്സിനെ ഈ ലോകത്തിന്റെ ഭരണാധിപൻ അന്ധമാക്കിയിരിക്കുന്നു. അവർക്കു സുവിശേഷത്തെ-ക്രിസ്തുവിന്റെ മഹത്വത്തിന്റെ സുവിശേഷത്തെ വെളിച്ചമായി കാണാൻ കഴിയില്ല. ക്രിസ്തുവാണ് ദൈവത്തിന്റെ പ്രതിച്ഛായ** (2കൊരിന്ത്യർ 4:4).

*"മനസ്സിന്റെ അന്ധത"*. നാം ചിലപ്പോൾ വേദപുസ്തകം വായിക്കുമ്പോൾ ഒന്നും മനസ്സിലാകുകയില്ല. മിക്കവാറും ക്രിസ്ത്യാനികൾക്കും വേദപുസ്തകം ആഴത്തിൽ അറിയുകയില്ല. വചനം വായിക്കുക, നമ്മുടെ അജ്ഞതയിൽ നിന്നും മോചനത്തിനായി പ്രാർത്ഥിക്കുക. **...ജ്ഞാനം കുറവാകുന്നു എങ്കിൽ ... ദൈവത്തോടു യാചിക്കട്ടെ; അപ്പോൾ അവന്നു ലഭിക്കും** (യാക്കോബ് 1:5). പല ഭാഷകളിലും പല പതിപ്പുകളിലുമുള്ള വേദപുസ്തകം ഇന്നു നമുക്ക് ലഭ്യമാണ്. ഇത് സന്തോഷമുള്ള കാര്യമാണ്. നമ്മുടെ കരങ്ങളിൽ വേദപുസ്തകം ഉണ്ടെങ്കിലും ഓൺലൈൻ വേദപുസ്തകത്തിൽ ആശ്രയിക്കുന്നത് നല്ലതല്ല. അത് നമ്മുടെ കരങ്ങളിൽ ഉണ്ട് എങ്കിലും നമ്മുടെ ഹൃദയത്തിലും മനസ്സിലും അത് ഇല്ല.

പണ്ട് ആളുകൾ വേദപുസ്തക സംശയങ്ങൾ വേദപുസ്തകത്തിൽനിന്ന് തെരഞ്ഞു കണ്ടുപിടിക്കുമായിരുന്നത് ഇപ്പോൾ ഗൂഗിൾ കൈയ്യടക്കിയിരിക്കുന്നു. എല്ലാ ഓൺലൈൻ പതിപ്പുകളും ഇല്ലാതാകുന്ന അവസ്ഥ വരികയാണെങ്കിൽ നാം എന്തു ചെയ്യും എന്നതാണ് എന്റെ ആശങ്ക. ഇന്റർനെറ്റിലൂടെ പിശാച് ദൈവവചനത്തിലേക്ക് നമുക്ക് എളുപ്പമായ പ്രവേശനം നൽകിയിരിക്കുന്നതിനാൽ നാം അതിൽ വളരെയധികം ആശ്രയം വെച്ചിരിക്കുന്നു. പക്ഷെ ആ പ്രവേശനം പെട്ടെന്ന് ഇല്ലാതാകുമ്പോൾ ദൈവവചനം ഇല്ലാതാകുന്നു. നമുക്ക് നമ്മുടെ വേദപുസ്തകം ആവേശത്തോടെ വായിക്കാം, ദൈവവചനം മനഃപാഠമാക്കാം, രാവും പകലും ധ്യാനിക്കാം, അങ്ങനെ വചനം നമ്മുടെ ഹൃദയത്തിൽ എഴുതപ്പെടും.

## 3. എന്തിലേക്കുള്ള മുന്നേറ്റം?

വെളിച്ചം - എന്താണ് വെളിച്ചം?

## (എ) വെളിച്ചം മനസ്സിലാക്കുന്നതാണ്.

കാര്യങ്ങളെ കാഴ്ചപ്പാടിലേക്ക് കൊണ്ടുവരുന്നു. **ദൈവം പ്രകാശമാണ്, ദൈവത്തിൽ ഇരുൾ ഇല്ല** (1 യോഹന്നാൻ 1:5 NIV). വെളിച്ചമുള്ളപ്പോൾ അവിടെ ഊർജ്ജമുണ്ട്. ദൈവീക വെളിച്ചത്തിൽനിന്നും നമുക്ക് ആത്മീയ ഊർജ്ജം ലഭിക്കുന്നു. അത് നമ്മുടെ മനസ്സിനെ പ്രകാശിപ്പിക്കുന്നു. വ്യക്തമായി കാണാൻ അത് നമ്മെ സഹായിക്കുന്നു. അത് നമ്മെ സ്വതന്ത്രരാക്കുകയും കാര്യങ്ങളെക്കുറിച്ച് ശരിയായ വീക്ഷണം നൽകുകയും ചെയ്യുന്നു. വെളിച്ചം നമുക്ക് വെളിപ്പാട് നൽകുന്നു. വേദപുസ്തകം ദൈവത്തിന്റെ സത്യവും ദൈവത്തിന്റെ വെളിച്ചവുമാണ്. **നിന്റെ പ്രകാശവും സത്യവും അയച്ചുതരേണമേ; അവ എന്നെ നടത്തുമാറാകട്ടെ; നിന്റെ വിശുദ്ധ പർവ്വതത്തിലേക്കും തിരുനിവാസത്തിലേക്കും അവ എന്നെ എത്തിക്കുമാറാകട്ടെ** (സങ്കീർത്തനം 43:3). വെളിച്ചം ഇല്ലെങ്കിൽ സത്യവുമില്ല, പ്രഭാതം പൊട്ടിപ്പുറപ്പെടുകയുമില്ല. നമുക്ക് വെളിച്ചം വേണമെങ്കിൽ ദൈവം വസിക്കുന്ന മലയിലേക്ക് (ദൈവത്തിന്റെ സാന്നിദ്ധ്യത്തിലേക്ക്) പോകണം. അല്ലാത്തപക്ഷം നാം ഇപ്പോഴും അതേ സ്ഥലത്തു തന്നെയായിരിക്കും, ദൈവത്തിന്റെ പർവ്വതത്തിലേക്ക് പോകുക അസാദ്ധ്യവുമായിരിക്കും.

## (ബി) വെളിച്ചം രൂപാന്തരപ്പെടുത്തുന്നതാണ്.

പ്രഭാതം പുലരുന്നത് യേശുക്രിസ്തുവിൽ ലഭ്യമായ പരിവർത്തനം എന്നാണ് അർത്ഥമാക്കുന്നത്. ഒരു ശക്തമായ പ്രകാശം ശൗലിനെ പൗലോസാക്കി മാറ്റി. **ഇരുട്ടിൽ നിന്നു പ്രകാശം തിളങ്ങും, ഈ ദൈവം തന്നെയാണ് അവന്റെ വെളിച്ചം ഞങ്ങളുടെ ഹൃദയങ്ങളിൽ പ്രകാശിപ്പിച്ചത്. ക്രിസ്തുവിന്റെ മുഖത്തെ ദൈവീക തേജസ്സിനെ അറിയാൻ**

09-ാം പേജിൽ തുടരും...


# നെഹെമ്യ ബൈബിൾ സായാഹ്ന കോളേജ്

ചെപ്പോക്ക് & സന്തോഷപുരം, ചെന്നൈ

ECHO OF HIS CALL 1969-2019 REACHING NATIONS

Regd. Candidate for Membership ATA NEHEMIAH BIBLE COLLEGE CHENNAI ECHO OF HIS CALL Estd. 1969

ഭാഷ : തമിഴ്

അപേക്ഷകനുള്ള മെമ്പർഷിപ്പ് - ATA

കഴിഞ്ഞ 53 വർഷങ്ങളായി അന്താരാഷ്ട്ര ക്രിസ്തീയ നേതാക്കളും മുതിർന്ന പാസ്റ്റർമാരും അംഗീകരിച്ചത്

**വേദശാസ്ത്രത്തിൽ സർട്ടിഫിക്കറ്റ് : ഒരു വർഷം**

**വേദശാസ്ത്രത്തിൽ ഡിപ്ലോമ : രണ്ടു വർഷം**

യോഗ്യത : പത്താം ക്ലാസ്സോ അതിനു മുകളിലോ

**അതിവേഗം അഡ്മിഷൻ നേടുവിൻ!**

10, MOHAMMED ABDULLAH 2ND STREET, BELLS ROAD, CHEPAUK, CHENNAI - 600 005, INDIA.

Phone : (+91-44) 2852 8282, Cell : (+91) 98410 71852 / 95661 31858

E-mail : sam@echoofhiscall.org / Website : www.echoofhiscall.org

## നമ്മുടെ ആസ്ഥാന കാര്യാലയത്തിലെ ശുശ്രൂഷകൾക്കുവേണ്ടി പ്രാർത്ഥിക്കുക

| | | | |
|---|---|---|---|
| 01. | പ്രാർത്ഥന സഹായങ്ങൾ | – | 24 മണിക്കൂർ |
| 02. | ബൈബിൾ കറസ്പോണ്ടൻസ് | – | ബൈബിൾകോർ – തമിഴ്, ഇംഗ്ലീഷ്, ഹിന്ദി (കോഴ്സുകൾ) |
| 03. | വിളിയുടെ പ്രതിധ്വനി | – | മാസികകൾ<br>തമിഴ്, ഇംഗ്ലീഷ്, മലയാളം, തെലുങ്ക്, ഹിന്ദി, കന്നട, മറാത്തി, ബംഗാളി, ആസാമീസ്, ഗുജറാത്തി, ഉറുദു, പഞ്ചാബി, നേപ്പാളി, ഒറിയ, സിംഹളം, ആഫ്രിക്കൻ |
| 04. | നെഹെമ്യ ബൈബിൾ കോളേജ് | – | രണ്ടു കേന്ദ്രങ്ങൾ (സായാഹ്നം, റെസിഡൻഷ്യൽ) |
| 05. | വേദശാസ്ത്ര വിദൂര പഠന കേന്ദ്രം | – | ഇംഗ്ലീഷ്, തമിഴ് |
| 06. | പരമനിയോഗ ദൗത്യ പങ്കാളികൾ | – | പാസ്റ്റർമാരുടെ ചങ്ങല |
| 07. | ട്രെയിനിംഗ് പരിപാടികൾ | | |
| 08. | ക്രൂസേഡുകൾ | | |
| 09. | കൈപ്രതി പ്രവർത്തനങ്ങൾ, ലഘുലേഖ വിതരണം | | |
| 10. | സുവിശേഷ പ്രസിദ്ധീകരണ പ്രസ്സ് | – | പ്രസിദ്ധീകരണങ്ങൾ |
| 11. | സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂൾ | – | ഗ്രാമീണ ഇംഗ്ലീഷ് വിദ്യാലയം |
| 12. | സണ്ടേസ്കൂൾ | – | ഞായർ രാവിലെ 8.30, വൈകുന്നേരം 4.00 മണി |
| 13. | തമിഴ് ആരാധന | – | രാവിലെ 8.00, ഞായർ രാവിലെ 10.00 മണി |
| 14. | തെലുങ്ക് ആരാധന | – | ഞായർ വൈകുന്നേരം 5.00 മണി |
| 15. | ഹിന്ദി ആരാധന | – | ഞായർ വൈകുന്നേരം 4.00 മണി |
| 16. | ഇംഗ്ലീഷ് – തമിഴ് ആരാധന | – | ഞായർ വൈകുന്നേരം 6.00 മണി |
| 17. | പാസ്റ്റർമാരുടെ കൗൺസലിംഗ് | – | ഞായർ വൈകുന്നേരം 4.00 മണി |
| 18. | സ്ത്രീകളുടെ പ്രാർത്ഥനായോഗം | – | ബുധൻ വൈകുന്നേരം 5.30 മണി |
| 19. | മദ്ധ്യ ആഴ്ച വചന ധ്യാനം | – | ബുധൻ വൈകുന്നേരം 6.30 മണി |
| 20. | പുരുഷന്മാരുടെ യോഗം | – | വെള്ളി വൈകുന്നേരം 7.00 മണി |
| 21. | ശിഷ്യത്വ യോഗം | – | ശനി വൈകുന്നേരം 6.00 മണി |
| 22. | ഭവന കൂട്ടായ്മ | – | ചൊവ്വ, വ്യാഴം വൈകുന്നേരം 6.30 മണി |
| 23. | പ്രത്യേക കർത്തൃമേശ | – | എല്ലാ മാസവും ആദ്യ ദിവസം രാവിലെ 6.00 മണി |
| 24. | സുവിശേഷകരുടെ അവലോകനം | – | ആദ്യ ശനി വൈകുന്നേരം 5.30 മണി |
| 25. | രക്ഷിതാക്കളുടെ പ്രാർത്ഥന | – | ആദ്യ ശനി വൈകുന്നേരം 4.00 മണി |
| 26. | രാത്രി പ്രാർത്ഥന | – | രണ്ടാം വെള്ളി രാത്രി 9.30 മണി |
| 27. | ഉപവാസ പ്രാർത്ഥന | – | ആദ്യ ശനി രാവിലെ 9.30 മണി |
| 28. | കർത്തൃമേശ | – | രണ്ടാം ഞായർ ആരാധനയോടൊപ്പം |
| 29. | Youth / Kid Prayer | – | 10.00 p.m. daily |
| 30. | ജീവനക്കാരുടെ ധ്യാനം | – | ദിവസവും രാവിലെ 9.00 മണി |
| 31. | ഓഫീസ് | – | രാവിലെ 9 മുതൽ രാത്രി 9 വരെ (ഞായർ ഒഴികെ) |

## ഇന്ത്യയ്ക്കകത്തുള്ള അപേക്ഷകർക്കുള്ള തപാൽ കോഴ്സുകൾ

### 1. ബൈബിൾകോർ

വേദപുസ്തകത്തിലെ പ്രാഥമിക സത്യങ്ങൾ ക്രിസ്ത്യാനികൾക്കും അക്രൈസ്തവർക്കും തപാൽ കോഴ്സുകൾ ഇംഗ്ലീഷ് (57പേജുകൾ), ഹിന്ദി (76പേജുകൾ), തമിഴ്(96പേജുകൾ) എന്നീ ഭാഷകളിൽ തപാലിൽ കോഴ്സുകൾ ഞങ്ങൾ ചെയ്യുന്നു. പുതിയ ജീവിതം-നിങ്ങൾക്ക് എന്ന കോഴ്സ് ബുക്ക് നിങ്ങൾക്ക് ലഭിക്കുന്നു. കോഴ് സ് പൂർത്തിയാക്കുമ്പോൾ സർട്ടി ിക്കേ റ്റ് ലഭിക്കുന്നതാണ്. നിർബന്ധിത ഫീ സ് ഇല്ല. നിങ്ങൾ അനുഗ്രഹിക്കപ്പെടും.

### 2. തിയോളജിക്കൽ കറസ് പോണ്ടൻസ് കോഴ്സ്

തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ് എന്ന പേരിലുള്ള ആധുനിക വിദൂര വിദ്യാഭ്യാസം ഇംഗ്ലീഷ് (537 പേജുകൾ), തമിഴ് (652 പേജുകൾ) എന്നീ ഭാഷകളിൽ സുവിശേഷ പ്രവർത്തനത്തിന് താല്പര്യമുള്ള പാസ്റ്റർമാർ, സുവിശേഷകർ, ക്രിസ്തീയ നേതാക്കൾ, സാധാരണ ജനങ്ങൾ എന്നിവർക്ക് ലഭ്യമാണ്. ഫീസ് 1000/-രൂപ. 149 അദ്ധ്യായങ്ങളുള്ള 7 ബുക്കുകൾ തരുന്നതാണ്. സർട്ടിഫിക്കേറ്റ് ഇൻ മിനിസ്ട്രി നൽകുന്നതാണ്. ദൈവം നിങ്ങളെ അനുഗ്രഹിക്കും.

*കൂടുതൽ വിവരങ്ങൾക്ക് എഴുതുവിൻ.*

**The Chairman, Nehemiah Bible College,**
Echo of His Call, Post Box 2957
CHEPAUK, CHENNAI - 600 005.
Ph.: (044) 2852 8282, 2852 9293, 2854 7766,
Cell : 98410 71852, 95661 31858
E.mail : biblecor@yahoo.co.in

## വിളിയുടെ പ്രതിധ്വനി
ശുശ്രൂഷ, ചെന്നൈ

### ആവശ്യമുണ്ട്

1. **പ്രിൻസിപ്പാൾ**
   നെഹെമ്യ ബൈബിൾ കോളേജ്
   യോഗ്യത : M.Div. (or) M.Th.
2. **കമ്പ്യൂട്ടർ ജീവനക്കാർ**
   കമ്പ്യൂട്ടറും ടൈപ്പ് റൈറ്റിംഗും അറിയാവുന്ന ബിരുദധാരികൾ.

*ബന്ധപ്പെടുവിൻ :*
Email :sam@echoofhiscall.org
WhatsApp : +91-98412 71858

## നികുതി ഇളവ്

“ECHO OF HIS CALL EDUCATIONAL TRUST” ന് വ്യക്തിയോ സംഘടനയോ നൽകുന്ന സംഭാവനകൾ വരുമാന നികുതി ആക്ട് 80 ജി പ്രകാരം നികുതി ഇളവിന് അർഹമാണ്. ഇതിന് ഔദ്യോഗിക രസീത് നൽകുന്നതാണ്. ഇത്തരം സംഭാവനകൾക്കുള്ള പണച്ചീട്ട്, ഡ്രാഫ്റ്റ് എന്നിവ എക്കോ ഓഫ് ഹിസ് കോൾ എഡ്യൂക്കേഷണൽ ട്രസ്റ്റ് എന്ന പേരിൽ എടുത്ത് ഞങ്ങൾക്ക് അയച്ചുതരിക.

| | | |
|---|---|---|
| Account Name | : | ECHO OF HIS CALL EDUCATIONAL TRUST |
| Account Number | : | 1023 2923 805 |
| Bank Name | : | STATE BANK OF INDIA |
| Branch | : | TRIPLICANE, CHENNAI - 600 005 |
| IFSC Code | : | SBIN 0000249 |
| SWIFT Code | : | SBI NIN BB 455 |



# കുടിലിൽ നിന്നും കൊട്ടാരത്തിലേക്ക്

## PIT TO PALACE

(പാസ്റ്റർ എസ്. സാം സെൽവരാജിന്റെ ജീവിതാനുഭവങ്ങൾ)

"വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ" (മത്തായി 24:15)

## ദൈവകൃപ!
## GRACE OF GOD!

**അവൻ ദരിദ്രനെ പൊടിയിൽനിന്ന് നിവിർത്തുന്നു; അഗതിയെ കുപ്പയിൽനിന്ന് ഉയിർത്തുന്നു; പ്രഭുക്കന്മാരോടുകൂടെ ഇരുത്തുവാനും മഹിമാസനം അവകാശമായി നൽകുവാനും തന്നേ... (1ശമൂവേൽ 2:8)**

ഒരു മനോഹരമായ ഞായർ പ്രഭാതത്തിൽ അപ്പൂപ്പനും അമ്മൂമ്മയും പിതാവും മാതാവും മറ്റു കുട്ടികളുമെല്ലാം നെല്ലാരിക്കോണം എന്ന ചെറിയ ഗ്രാമത്തിലെ സി.എസ്.ഐ. സഭയിൽ ആരാധനയ്ക്കു പോകുവാൻ നടക്കുകയായിരുന്നു. അപ്പോൾ 12 വയസ്സു പ്രായമായിരുന്ന ഞാൻ എല്ലാവരെയും വീക്ഷിക്കുകയായിരുന്നു. ഓരോരുത്തർക്കും അഭിമാനകരമായ യോഗ്യതകൾ ഉണ്ടായിരുന്നു. പക്ഷെ എന്നിൽ അഭിമാനകരമായ ഒന്നും ഉണ്ടെന്നു തോന്നിയില്ല. ഞാൻ പള്ളിയിൽ കർത്താവായ യേശുക്രിസ്തുവിനെ ആരാധിക്കുകയായിരുന്നു. ആ സമയത്ത് ഒരു വലിയ ചോദ്യം എന്നിൽ ഉയർന്നു വന്നു. കർത്താവായ യേശുക്രിസ്തു തന്റെ സകല സ്വർഗ്ഗീയ മഹിമകളും ഉപേക്ഷിച്ച് ഈ ലോകത്തിൽ വന്നത് സകല മാനവരാശിക്കും പുതിയ ജീവൻ നൽകുവാനായാണ്. അപ്പോൾ ഞാൻ എന്നോടു തന്നെ ചോദിച്ചു: എങ്കിൽ എന്തുകൊണ്ട് ഞങ്ങളുടെ പാസ്റ്ററിനെപ്പോലെ ഒരു ദൈവദാസൻ ആകുന്നില്ല? അന്ന് ഞാൻ പള്ളിയിലായിരുന്നപ്പോൾ കർത്താവായ യേശുക്രിസ്തു എന്നോട് വളരെ വ്യക്തമായി സംസാരിച്ചു.

അന്നത്തെ ആരാധനയിൽ 1ശമൂവേൽ 3-ാം അദ്ധ്യായത്തിൽനിന്നും ശമുവേൽ പ്രവാചകനെക്കുറിച്ചാണ് പാസ്റ്റർ സംസാരിച്ചത്.

ആ സമയത്ത് കർത്താവിന്റെ വചനം അപൂർവ്വമായിരുന്നു എന്നും വെളിപ്പാട് ഒന്നും തന്നെ ഇല്ലായിരുന്നു എന്നും 1 ശമൂവേൽ 3:1-4 വരെയുള്ള വാക്യങ്ങളിൽ വായിക്കുന്നു. അത്തരമൊരു സമയത്താണ് ശമൂവേൽ ബാലൻ പുരോഹിതനായ ഏലിയെ ശുശ്രൂഷിച്ചുകൊണ്ട് കൂടാരത്തിൽ ഉറങ്ങാൻ കിടന്നത്. ആ സമയത്ത് ദൈവം ശമൂവേലിനെ വിളിച്ചത്. ഈ സംഭവത്തെക്കുറിച്ച് പാസ്റ്റർ വിശദമായി സംസാരിച്ചു. ശമൂവേൽ ബാലനെ യിസ്രായേലിന്റെ ന്യായാധിപനും പ്രവാചകനുമാക്കി ഉയർത്തിയതിനെക്കുറിച്ചും പ്രസംഗിച്ചു.

ഈ വാക്കുകൾ എനിക്ക് വളരെ പ്രീയപ്പെട്ടതായിരുന്നു. അത് എന്റെ ജീവിതത്തിന്റെ അച്ചുതണ്ടായി രൂപാന്തരപ്പെട്ടു.

1. ഞാൻ എന്റെ സഭയെയും ജനങ്ങളെയും സ്നേഹിച്ചു. ശനിയാഴ്ച പള്ളിയിൽ പോയി തറയെല്ലാം മേശയുടെയും ബഞ്ചിന്റെയുമെല്ലാം പൊടി അടിച്ചു കളഞ്ഞ് പള്ളി തൂത്തുവാരി വൃത്തിയാക്കുവാൻ ആരംഭിച്ചു. പള്ളിയുടെ കോമ്പൗണ്ടും വൃത്തിയാക്കുമായിരുന്നു. സംഗീതോപകരണങ്ങളെല്ലാം അതാതിന്റെ സ്ഥലത്ത് അടുക്കി വെക്കും. പിന്നീട് ഗുഡ് ന്യൂസ് പ്രെയർ ബാന്റ് എന്ന പേരിൽ ഒരു സംഗീത ഗ്രൂപ്പ് സ്ഥാപിച്ച് ആരാധനയ്ക്കും അറ്റകുറ്റപ്പണികൾക്കുമെല്ലാം സഹായകമായി പ്രവർത്തിച്ചു.
2. ഞാൻ എന്റെ പാസ്റ്റർമാർക്ക് ശാരീരികമായ സഹായവും വാഗ്ദത്തം ചെയ്തു. ഞാൻ അവരുടെ ബാഗുകൾ ചുമക്കുകയും ഷൂ വൃത്തിയാക്കിക്കൊടുക്കുകയും ചെയ്തു. അവർക്ക് പ്രഭാതത്തിലും ഉച്ചയ്ക്കും രാത്രിയിലുമുള്ള ഭക്ഷണം ഞാൻ വീട്ടിൽനിന്നും കൊണ്ടുപോയി വിളമ്പിക്കൊടുക്കുമായിരുന്നു.
3. എന്റെ സഭാംഗങ്ങളുമായി ഞാൻ നല്ല രീതിയിൽ ഇടപെട്ടു. ഞാൻ അവർക്ക് ഒരു നല്ല സഹോദരനായിരുന്നു. എല്ലാ വിധത്തിലും ഞാൻ അവരെ സഹായിക്കുമായിരുന്നു.

എനിക്ക് സഹായിക്കുന്ന സ്വഭാവം ഉണ്ടായിരുന്നു എങ്കിലും പ്രസംഗിക്കുവാൻ അറിയില്ലായിരുന്നു, ഓർമ്മക്കുറവും ഉണ്ടായിരുന്നു. ഞാൻ ഉയർന്ന വിദ്യാഭ്യാസം നേടിയിട്ടില്ല, എന്റെ സുഹൃത്തുക്കളുമായി താരതമ്യം ചെയ്യുമ്പോൾ എനിക്കു കഴിവുകളും താലന്തുകളും വളരെ കുറവാണ് എന്ന് എനിക്ക് അറിയാമായിരുന്നു.

എന്റെ പ്രായത്തിലുള്ള കൂട്ടുകാർ പ്രശസ്തമായ കോളേജുകളിൽ പഠിക്കാൻ പോയതോടൊപ്പം പ്രത്യേക കോച്ചിംഗിനു പോകുകയും അനേകം ഭാഷകളിൽ പ്രാവീണ്യം നേടുകയും കരാട്ടേ പഠിച്ച് അവരുടെ കഴിവുകൾ വികസിപ്പിക്കുകയും ചെയ്തു. മറ്റ് അനേകം സ്ഥാപനങ്ങളിൽപോയി അറിവ് വികസിപ്പിക്കുകയും ചെയ്തു. എന്നാൽ ദേവാലയത്തിലും ദൈവദാസന്മാർക്കും സേവനം ചെയ്യാനുള്ള കഴിവ് ദൈവം എനിക്കു നൽകി.

ശമൂവേലിനെ ഉയർത്തിയതുപോലെ ദൈവം ഏറ്റവും താഴെക്കിടയിൽനിന്നും ഉയർത്തി. സർക്കാർ ഉദ്യോഗസ്ഥനായി സേവനം ചെയ്ത 23 വർഷവും വിശ്വസ്തതയോടും ഉത്തരവാദിത്തത്തോടും ആയിരിക്കാൻ ദൈവം കൃപ ചെയ്തു. എന്റെ സർക്കാർ സേവനത്തിനോടുള്ള നന്ദി സൂചകമായി സർക്കാർ ജോലിയോടൊപ്പം സുവിശേഷവേലയും ചെയ്യാനുള്ള അനുവാദം എനിക്കു ലഭിച്ചു.

രണ്ടു തരത്തിലുള്ള ജോലിയും ഫലപ്രദമായി ചെയ്യുവാൻ ദൈവം എന്നെ അനുവദിച്ചു. അത് അത്ഭുതങ്ങളുടെ അത്ഭുതമായി ഞാൻ കരുതുന്നു.

ശമൂവേൽ ദേവാലയത്തെ സ്നേഹിക്കുന്നതിനൊപ്പം ദൈവപുരുഷനെയും സ്നേഹിച്ചു. അതിനാൽ, ദൈവം അവനെ ആത്മീയതലത്തിൽ ഒരു വലിയ പ്രവാചകനായും യിസ്രായേൽ ദേശത്തെ വലിയ ന്യായാധിപനായും ഉയർത്തി.

നിങ്ങളുടെ സഭയേയും പാസ്റ്റർമാരെയും നിങ്ങൾ ബഹുമാനിക്കുകയും സേവിക്കുകയും ചെയ്യുകയാണെങ്കിൽ നിശ്ചയമായും നിങ്ങൾ വലിയ ഉയരത്തിൽ എത്തും.

*... 6-ാം പേജിന്റെ തുടർച്ച*

**അനുവദിക്കുക വഴിയാണ് ദൈവം ഞങ്ങൾക്ക് ആ പ്രകാശം നൽകിയത്** (2 കൊരിന്ത്യർ 4:6 NIV). വെളിച്ചം ദൈവത്തിന്റെ മഹത്വമാണ്, അത് പ്രകാശിക്കുമ്പോൾ അത് രൂപാന്തരപ്പെടുന്നു. **എന്നാൽ മൂടുപടം നീങ്ങിയ മുഖത്തു കർത്താവിന്റെ തേജസ്സിനെ കണ്ണാടിപോലെ പ്രതിബിംബിക്കുന്നവരായി നാം എല്ലാവരും ആത്മാവാകുന്ന കർത്താവിന്റെ ദാനമായി തേജസ്സിന്മേൽ തേജസ്സു പ്രാപിച്ചു അതേ പ്രതിമയായി രൂപാന്തരപ്പെടുന്നു** (2 കൊരിന്ത്യർ 3:18). ദൈവവചനത്തിൽ നിന്നുള്ള സത്യങ്ങൾ ഏതു മനുഷ്യനെയും രൂപാന്തരപ്പെടുത്തും.

പ്രകാശം പരിവർത്തനത്തിന്റെ പ്രവർത്തകനാണ്. സുവിശേഷത്തിന്റെ അനാവരണം വെളിച്ചം കൊണ്ടുവരുന്നു. എന്തിനാണ് സഭയിൽ നാം പ്രസംഗിക്കുന്നത്? എന്തിനാണ് ഒരു മണിക്കൂർ നാം ആലയത്തിൽ ശ്രദ്ധയോടെ ഇരിക്കുന്നത്? അത് മാറ്റത്തിനുവേണ്ടിയാണ്.

പ്രഭാതം പൊട്ടിപ്പുറപ്പെടുമ്പോൾ ദൈവം നമ്മെ സഹായിക്കാൻ കടന്നു വരണമെന്ന് ഞാൻ ആത്മാർത്ഥമായി പ്രാർത്ഥിക്കാറുണ്ട്. പ്രഭാതം വിടരുമ്പോൾ നമുക്ക് ഒരു പ്രത്യേക ശക്തി ഉണ്ടാകാറുണ്ട്. നേരം പുലർന്നപ്പോഴാണ് യേശു മരണത്തെ ജയിച്ച് ഉയിർത്തെഴുന്നേറ്റ് കല്ലറയിൽ നിന്ന് പുറത്തു വന്നത്. യേശുക്രിസ്തു എന്ന പ്രകാശം ഇരുട്ട് മാറി പ്രഭാതത്തിന്റെ വെളിച്ചം കടന്നു വന്നപ്പോൾ കല്ലറയിൽനിന്നും ഉയിർത്തെഴുന്നേറ്റു. ഇത് ശക്തിയേറിയ സത്യമാണ്.

നമ്മുടെ പുതിയ ഉടമ്പടിയുടെ അടിസ്ഥാനം പ്രഭാതം വിടരുന്നതുമായി ബന്ധപ്പെട്ടതാണ്. ഉയിർത്തെഴുന്നേല്പ് സംഭവിക്കുന്നത് പ്രഭാതം വിടർന്നപ്പോഴാണ്. പ്രഭാതം വിടരുമ്പോഴാണ് ദൈവത്തിന്റെ വാഗ്ദത്തങ്ങൾ അതെ എന്നും ആമേൻ എന്നും ആകുന്നത്. **ക്രിസ്തു ഉയിർത്തെഴുന്നേറ്റിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥം; നിങ്ങളുടെ വിശ്വാസവും വ്യർത്ഥം** (1 കൊരിന്ത്യർ 15:14). പുലരിക്ക് ശക്തിയുണ്ട്. ഇത് പ്രഭാതം വിടരുന്നതിന്റെ വർഷമാണ്.

അവസാനമായി, യാക്കോബിനെക്കുറിച്ച് നമുക്ക് ചിന്തിക്കാം.

ആദ്യമായി, വേദപുസ്തകം പറയുന്നത്, സൂര്യോദയംവരെ യാക്കോബ് ദൈവവുമായി മൽപിടുത്തം നടത്തി, അതിനു ശേഷമാണ് അവന് വിടുതൽ നേടാനായത്.

**നദി കടക്കാനുള്ള അവസാനത്തെ ആളായിരുന്നു യാക്കോബ്. പക്ഷെ അയാൾ നദി കടക്കും മുമ്പ് അയാളൊറ്റക്കായിരുന്നപ്പോൾ ഒരാൾ വന്ന് അയാളോട് ഗുസ്തി പിടിച്ചു. സൂര്യോദയം വരെ ഏറ്റുമുട്ടൽ തുടർന്നു. തനിക്ക് യാക്കോബിനെ തോല്പിക്കാനാവില്ലെന്നയാൾ കണ്ടു. അതിനാലയാൾ യാക്കോബിന്റെ കാലുപിടിച്ചു. ആ സമയത്ത് യാക്കോബിന്റെ കാലിന്റെ സന്ധി ഇളകിയിരുന്നു. അപ്പോൾ അയാൾ യാക്കോബിനോടു പറഞ്ഞു, "എന്നെ പോകാൻ വിടു, സൂര്യനുദിച്ചിരിക്കുന്നു." പക്ഷെ യാക്കോബ് പറഞ്ഞു, "എന്നെ അനുഗ്രഹിച്ചല്ലാതെ ഞാൻ നിന്നെ വിടില്ല"** (ഉല്പത്തി 32: 24-26 NIV).

യിസ്രായേൽ എന്ന ജനത മുഴുവനും അവിടെ ജനിച്ചു. പ്രഭാതം പൊട്ടിപ്പുറപ്പെടുന്നതിന് വലിയ ശക്തിയുണ്ട്. നിങ്ങൾ പ്രാർത്ഥിക്കുന്നതെന്തും ഉത്തരം ലഭിക്കുന്നതുവരെ പ്രാർത്ഥിക്കുക, നിറുത്തിക്കളയരുത്. യാക്കോബിനെപ്പോലെ പ്രാർത്ഥിക്കുകയും മൽപിടിത്തം നടത്തുകയും ചെയ്യുക. പ്രാഭാതം വിടരുമ്പോൾ നിങ്ങൾക്കു വിടുതൽ ഉണ്ടാകും.

രണ്ടാമതായി, തന്റെ സഹോദരനായ ഏശാവ് തന്നെ ആക്രമിക്കുമെന്നു ഭയന്ന് യാക്കോബ് ഏശാവിനു സമ്മാനങ്ങൾ കൊടുത്തയച്ചു. അതു കണ്ടാൽ ഏശാവിന്റെ കോപം ശമിക്കുമെന്ന് യാക്കോബ് കരുതി. പക്ഷെ, സംഭവിച്ചതെന്തെന്നാൽ ദൈവം ഏശാവിന്റെ കോപം ഇല്ലാതാക്കി സഹോദരന്മാർ തമ്മിൽ സമാധാനത്തോടെ അനുരഞ്ജനത്തിലാകാൻ ദൈവം സഹായിച്ചു. യാക്കോബിന്റെ തുടയെല്ലിൽ ദൈവം ബാധിച്ചതിനാൽ അവന് നടക്കാൻ പ്രയാസമായിരുന്നു. നമ്മുടെ ജീവിതത്തിൽ ദൈവം പ്രവർത്തിക്കുകയാണെങ്കിൽ നമ്മുടെ നടപ്പിനു മാറ്റം ഉണ്ടാകും. നാം പിന്നെ ഒരിക്കലും പഴയതുപോലെ ആകയില്ല. ഈ പുതിയ പ്രഭാതത്തിലുള്ള സംഭവവികാസത്തിലൂടെ പുതിയൊരു രാഷ്ട്രത്തിന്റെ പിറവി ഉണ്ടായി.

ഒരു വലിയ മാറ്റം നടക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. അന്ധകാരത്തിന്റെ അംശങ്ങളാൽ ആകർഷിതമാകുന്നതും വളരെയധികം നിയന്ത്രിക്കപ്പെടുന്നതുമായ കാലഘട്ടം. പ്രഭാതം വിടരുമ്പോൾ പലതും തുടങ്ങുന്നു. ഒരു പുതിയ അദ്ധ്യായം, ഒരു പുതിയ കാലം. വ്യക്തിപരമായി പറയുകയാണെങ്കിൽ, ഒരു കുടുംബമെന്ന നിലയിൽ, ഒരു സഭയെന്ന നിലയിൽ, ഒരു രാഷ്ട്രമെന്ന നിലയിൽ എന്തൊക്കെയോ തകരാൻ പോകുന്നു.

എന്നാൽ നാം തകർക്കപ്പെടേണ്ടത് ആവശ്യമാണ്. ശരിയായ കാലത്തിലും കൃത്യമായ താപനിലയിലും തള്ളക്കോഴി അടയിരുന്ന് മുട്ട പൊട്ടി ജീവൻ പുറത്തുവരുന്നതുപോലെ, നാം തകർക്കപ്പെടുന്നില്ല എങ്കിൽ ഇപ്പോഴുള്ള ജീവിതത്തിൽ നിന്നും പുറത്തുവരാൻ സാധിക്കുകയില്ല. നേരം പുലരുമ്പോൾ പ്രകാശമുണ്ട്. പക്ഷെ ആ പ്രകാശം തുളച്ചു കയറണം. ഒരു പുതിയ അവസരം തുറക്കുമ്പോൾ വെളിച്ചത്തിന്റെ പുതിയ കാലം വരും.

നമുക്ക് എല്ലാവർക്കും ഒരു പുതിയ വഴിത്തിരിവ് ഉണ്ടാകട്ടെ. കാരണം, പ്രഭാതം വിടരുമ്പോൾ ദൈവം നമ്മെ സഹായിക്കും. ദൈവം നിങ്ങളുടെ മദ്ധ്യേ ഉള്ളതുകൊണ്ട് നിങ്ങൾ ഇളകിപ്പോകയില്ല. ആ ആത്മവിശ്വാസത്തോടെ തന്നെ നമുക്ക് മുന്നേറാം.

ദൈവം നിങ്ങളെ സമൃദ്ധിയായി അനുഗ്രഹിക്കുമാറാകട്ടെ!

***************


## സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂൾ

**മേടവിളാകം, ചെന്നൈ**

### വിളിയുടെ പ്രതിധ്വനിയുടെ വിഭാഗം

**ക്രിസ്തീയ പശ്ചാത്തലമുള്ള അദ്ധ്യാപകർ, ജീവനക്കാർ എന്നിവരെ താഴെ പറയുന്ന വിഭാഗം/ജോലിക്കായി ആവശ്യമുണ്ട്.**

- കായിക പരിശീലനം
- കണക്ക്
- ഫിസിക്സ്
- കെമിസ്ട്രി
- സെക്യൂരിറ്റി ജീവനക്കാർ &
- സബ് സ്റ്റാഫ്
- നേഴ്സറി വിദ്യാലയം
- ഹിന്ദി
- ഇംഗ്ലീഷ്
- സെക്കണ്ടറി ഗ്രേഡ്

**ഫോൺ & വാട്ട്സ്ആപ്പ്**
**98410 71858**

RNI.No.55468/94, Postal Regn.No.TN/CH/(C)/199/21-23 WPP.No.TN/PMG(CCR)/WPP-221/21-23

## വിളിയുടെ പ്രതിധ്വനി

**യുട്യൂബ്**

**ദയവായി വരിക്കാരാകുക**

വിളിയുടെ പ്രതിധ്വനിയുടെ യുട്യൂബ് ചാനൽ കാണുകയും വരിക്കാരാകുകയും ചെയ്യുവിൻ - എഡിറ്റർ

## OUR BANK DETAILS:

### *1. Bank : State Bank of India*

Branch : Triplicane, Chennai-5
Name : S. Sam Selva Raj
A/C No. : 1023 2934 679
IFSC : SBIN 00 00 249
SWIFT CODE : SBI NIN BB 455

### *2. Bank : ICICI Bank*

Branch : Anna Salai, Chennai-6
Name : Echo of His Call
A/C No. : 6038 0502 2319
IFSC : ICIC 000 6038

### *3. Bank : State Bank of India*

(This Account is for Tax Exemption for Indians only )

Branch : Triplicane, Chennai-5
Name : Echo of His Call Educational Trust
A/C No. : 1023 2923 805
IFSC : SBIN 00 00 249

Google Pay: 98410 71858
PayPal : SAM SELVA RAJ
*****
E.mail : sam@echoofhiscall.org

# വിളിയുടെ പ്രതിധ്വനി

**16 ഭാഷകളിലെ മാസിക, ബൈബിൾ കോളേജുകൾ, പോസ്റ്റൽ കോഴ്സുകൾ, സഭ സ്ഥാപിക്കുക, വില്ലേജ് ഇംഗ്ലീഷ് ഹൈസ്കൂൾ, സുവിശേഷ അച്ചടിശാല, ക്രൂസേഡുകൾ, സെമിനാറുകൾ, സാമൂഹ്യസേവനം മുതലായവ**

വാർഷിക വരിസംഖ്യ : 100/- രൂപ    ആയുഷ്കാല വരിസംഖ്യ : 2000/- രൂപ

നിങ്ങളെപ്പോലെയുള്ള ദൈവമക്കളുടെ സഹായവും ഉദാരമായ സംഭാവനയുമാണ് **വിളിയുടെ പ്രതിധ്വനി**യുടെ വൈവിധ്യമുള്ള പ്രവർത്തനങ്ങൾക്കു സഹായകമായിട്ടുള്ളത്. ദൈവം പ്രേരിപ്പിക്കുന്നതുപോലെ **വിളിയുടെ പ്രതിധ്വനി** പ്രവർത്തനങ്ങളെ സഹായിക്കുവിൻ. സുവിശേഷം ഇതുവരെയും എത്തിച്ചേരാത്ത സ്ഥലങ്ങളിൽ സുവിശേഷം എത്തിക്കുവാനും സഭകൾ സ്ഥാപിക്കുവാനും നിങ്ങളുടെ സഹായം ആവശ്യമാണ്.

**വിളിയുടെ പ്രതിധ്വനി** മാസിക തുടർച്ചയായി ലഭിക്കണമെങ്കിൽ ഞങ്ങൾക്ക് എഴുതുവിൻ. നിങ്ങളുടെ വിലാസം മാറുമ്പോൾ പഴയതും പുതിയതുമായ വിലാസങ്ങളും ഇമെയിൽ അഡ്രസും അറിയിക്കുവിൻ.

ഞങ്ങളുടെ വെബ്സൈറ്റിൽ 16 ഭാഷകളിലെ മാസികകളും ലഭ്യമാണ്. വെബ്സൈറ്റിൽ കയറി നിങ്ങൾക്ക് അത് വായിക്കുകയും ഡൗൺലോഡ് ചെയ്യുകയും ചെയ്യാവുന്നതാണ്.

നിങ്ങളുടെ കത്തുകൾ, പ്രാർത്ഥനാ ആവശ്യങ്ങൾ, സാമ്പത്തിക സഹായം **ഡിമാന്റ് ഡ്രാഫ്റ്റ്, ചെക്ക്, മണി ഓർഡർ, പെ പാൽ (Sam Selva Raj, sam@echoofhiscall.org), നെഫ്റ്റ്, ഫോൺ പെ (9841071858) , ഗൂഗിൾ പെ (9841071858), വെസ്റ്റേൺ യൂണിയൻ മണിഗ്രാം** തുടങ്ങിയവയിലൂടെ താഴെ കാണുന്ന വിലാസത്തിൽ ദയവായി അയക്കുവിൻ.

നിങ്ങളുടെ ഫോൺ/മൊബൈൽ നമ്പർ, ഇമെയിൽ അഡ്രസ് തുടങ്ങിയവ അയച്ചുതരിക.

ECHO OF HIS CALL
10, MOHAMMED ABDULLAH 2nd STREET, CHEPAUK
CHENNAI - 600 005, INDIA
PH : (+91-44) 2852 8282, 2852 9293, 2854 7766
CELL : (+91) 98410 71852, 95661 31858
E-mails : sam@echoofhiscall.org / biblecor@yahoo.co.in
Websites : www.echoofhiscall.org / www.stpaulsmatriculation.com

**YOU CAN SEND YOUR DONATION ONLINE ALSO**

Regd. with the RNI under No. 55468/94
Licenced to post without pre-payment
Postal Regn. No. TN/CH (C) /199/21-23
Licence No. WPP. No. TN/PMG(CCR)/WPP-221/21-23
Date of Publication: First week of every month
Date of Posting : 3rd & 4th of every month Posted at "Egmore RMS / 1 Patrika Channel"
on 4th MAY, 2023.
If un-delivered please return to:
ECHO OF HIS CALL (MALAYALAM)
P.O. Box No. 2957, Chepauk, Chennai - 600 005, INDIA.
Phone: (+ 91- 44) 2852 8282, 2852 9293, 2854 7766

*JESUS LOVES YOU!*

To

*GOD BLESS YOU!*

Owned and published by **S. Sam Selva Raj** from New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005 and printed by **S. Sam Selva Raj** at **Echo of His Call Printers**, New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005. Editor: **S. Sam Selva Raj.**